# <u>ക്വട്ടേഷൻ നോട്ടീസ്</u>

TSOKYR/ 356/2022-CS4 തീയതി : 20-01-2023

30-08-2022 -ൽ ഉണ്ടായ കനത്ത മഴയെ തുടർന്ന് കാക്കനാട് NFSA ഡിപ്പോയിൽ സൂക്ഷിച്ചിരുന്ന ഭക്ഷ്യധാന്യങ്ങളിൽ വെള്ളം കയറി ഭക്ഷ്യ യോഗ്യമല്ലാതെ ആയി തീർന്ന 256 Qtl. പുഴുക്കലരി (512 ചാക്ക്) , 360.50 Qtl. മട്ടയരി ( 721 ചാക്ക്), 274.82 Qtl. പച്ചരി (558 ചാക്ക്) , 299.28 Qtl. ഗോതമ്പ് (580 ചാക്ക് ) എന്നിവ കാലിത്തീറ്റയ്ക്കോ, വ്യാവസായിക ആവശ്യത്തിനോ പൊതുലേലം ചെയ്ത് വിറ്റഴിച്ചു തുക സർക്കാർ ശീർഷകത്തിൽ അടവ് വരുത്തുവാൻ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ കാക്കനാട് NFSA ഡിപ്പോയിൽ സൂക്ഷിച്ചിട്ടുള്ള ടി സാധനങ്ങൾ കാലിത്തീറ്റയ്ക്കോ, വ്യാവസായിക ഉപയോഗത്തിനോ ആയി **31-01-2023 തീയതി രാവിലെ 11.15 മണിക്ക്** പേട്ടയിലുള്ള സപ്ലൈകോ എറണാകുളം ഡിപ്പോയിൽ വച്ച് നിബന്ധനകൾക്ക് വിധേയമായി ക്വട്ടേഷൻ പ്രകാരം വിറ്റഴിക്കുന്നതാണ്. താല്പര്യമുള്ളവർ **31-01-2023 തീയതി രാവിലെ 11 മണിക്ക്** മുമ്പായി ക്വട്ടേഷനുകൾ എറണാകുളം സപ്ലൈകോ ഡിപ്പോ മാനേജർക്ക് സമർപ്പിക്കേണ്ടതാണ്.

**<u>ക്വട്ടേഷൻ നിബന്ധനകൾ</u>**

1. ക്വട്ടേഷനുകൾ കവറിൽ ഇട്ട് ഒട്ടിച്ച് തൃപ്പൂണിത്തുറ പേട്ടയിലുള്ള സപ്ലൈകോ എറണാകുളം ഡിപ്പോ ഓഫീസിൽ നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.
2. ക്വട്ടേഷൻ സമർപ്പിക്കുന്നതിനോടൊപ്പം ടി ധാന്യങ്ങൾ കാലിത്തീറ്റയ്ക്കോ , വ്യാവസായിക ആവശ്യത്തിനോ മാത്രമേ ഉപയോഗിക്കൂ എന്ന് സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്.
3. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ ഫോട്ടോ പതിച്ച തിരിച്ചറിയിൽ കാർഡ് ഹാജരാക്കേണ്ടതാണ്.
4. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ സെക്യൂരിറ്റി ഡെപ്പോസിറ്റായി 10,000/- രൂപ ഡിപ്പോ ആഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്.
5. ക്വട്ടേഷനുകൾ സമർപ്പിക്കുന്നവരുടെയും, താലൂക്ക് സപ്ലൈ ആഫീസർ, ഡിപ്പോ മാനേജർ എന്നിവരുടെയും സാന്നിധ്യത്തിൽ **31-01-2023 തീയതി രാവിലെ 11.15 മണിക്ക്** ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ പ്രസ്തുത ദിവസം അവധി ദിവസമോ, പണിമുടക്കോ ആയാൽ തൊട്ടടുത്ത പ്രവർത്തി ദിവസം അതേ സമയത്തും സ്ഥലത്തും വച്ച് ക്വട്ടേഷനുകളിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(മറുപുറം)

6. ഒന്നിലേറെ വ്യക്തികളോ, സ്ഥാപനങ്ങളോ ഒരേ തുക തന്നെ ക്വട്ടേഷൻ സമർപ്പിച്ചാൽ ആയത് നെഗോഷിയേഷൻ നടത്തി, കൂടുതൽ തുക പറയുന്ന വ്യക്തിക്ക് തദവസരത്തിൽ തന്നെ ക്വട്ടേഷൻ ഉറപ്പിക്കുന്നതാണ്.
7. താലൂക്ക് സപ്ലൈ ആഫീസറുടെയും ഡിപ്പോ മാനേജരുടെയും അംഗീകാരത്തിന് വിധേയമായി ഏറ്റവും ഉയർന്ന തുക സമർപ്പിക്കുന്ന വ്യക്തിക്ക് ക്വട്ടേഷൻ ഉറപ്പിക്കുന്നതാണ്.
8. ക്വട്ടേഷൻ സമർപ്പിച്ചു അനുമതി ലഭിക്കുന്ന വ്യക്തി തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ തുക പൂർണമായും ട്രഷറിയിൽ അടവ് വരുത്തേണ്ടതും, സ്വന്തം ചെലവിലും (കയറ്റിറക്കുകൂലി ഉൾപ്പെടെ) ഉത്തരവാദിത്വത്തിലും 24 മണിക്കൂറിനകം ടി സ്റ്റോക്ക് NFSA ഡിപ്പോയിൽ നിന്നും മാറ്റേണ്ടതുമാണ്.
9. കൂടുതൽ വിവരങ്ങൾക്ക് സപ്ലൈകോ ഡിപ്പോ മാനേജരുമായോ, കണയന്നൂർ താലൂക്ക് സപ്ലൈ ആഫീസറുമായോ ബന്ധപ്പെടാവുന്നതാണ്.

മൊബൈൽ : **9188527372** (താലൂക്ക് സപ്ലൈ ആഫീസർ)

**9495359427** (ഡിപ്പോ മാനേജർ, എറണാകുളം)

(ഒപ്പ്)
താലൂക്ക് സപ്ലൈ ആഫീസർ, കണയന്നൂർ /
ഡിപ്പോ മാനേജർ, എറണാകുളം

പകർപ്പ്:

1. ജില്ലാ സപ്ലൈ ആഫീസർ, എറണാകുളം
2. എറണാകുളം ജില്ലയിലെ എല്ലാ താലൂക്ക് സപ്ലൈ / സിറ്റി റേഷനിംഗ് ഓഫീസർമാർക്കും ( നോട്ടീസ് ബോർഡിൽ പ്രദർശിപ്പിയ്ക്കുന്നതിലേയ്ക്കായി)
3. വില്ലേജ് ഓഫീസർ , നടമ/കാക്കനാട്
( നോട്ടീസ് ബോർഡിൽ പ്രദർശിപ്പിയ്ക്കുന്നതിലേയ്ക്കായി)
4. മുനിസിപ്പൽ സെക്രട്ടറി , തൃപ്പൂണിത്തുറ/ തൃക്കാക്കര/ കളമശ്ശേരി/ മരട്
( നോട്ടീസ് ബോർഡിൽ പ്രദർശിപ്പിയ്ക്കുന്നതിലേയ്ക്കായി)
5. പഞ്ചായത്ത് സെക്രട്ടി , ഉദയംപേരൂർ/ മുളവുകാട്/ എടയ്ക്കാട്ടുവയൽ/ ആമ്പല്ലൂർ/ മുളന്തുരുത്തി/ ചോറ്റാനിക്കര/ കുമ്പളം/ ചേരാനെല്ലൂർ/ കടമക്കുടി
( നോട്ടീസ് ബോർഡിൽ പ്രദർശിപ്പിയ്ക്കുന്നതിലേയ്ക്കായി)
6. സപ്ലൈകോ വെബ് സൈറ്റിൽ പരസ്യപ്പെടുത്തുന്നതിലേക്കായി